റിസർവ് കണ്ടക്ടർമാർക്ക് സ്ഥിരം നിയമനം

75 [562] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" കളത്തിൽ അബ്ദുള്ള:
" കെ. എൻ. എ. ഖാദർ:
" പി. കെ. കെ. ബാവ:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ റിസർവ്വ് കണ്ടക്ടർ ആയി തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിരം സ്റ്റാഫായി അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ബി) ഇപ്രകാരം നിയമിച്ചവർക്ക് സ്റ്റാഫ് ഐഡന്റിറ്റി നൽകി അവരെ സ്ഥിരം സ്റ്റാഫായി അംഗീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യമായ കാലയളവ് എത്ര;

(സി) 2004 നവംബർ 30 വരെ അഡ്വൈസ് ചെയ്തവർക്കെങ്കിലും സ്ഥിര നിയമനം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്ക് സ്ഥിര നിയമനം നൽകുമ്പോൾ എം പാനൽ വ്യവസ്ഥയിൽ ജോലി ചെയ്ത ഹാജർ ദിനങ്ങൾ കണക്കിലെടുക്കുന്ന സംവിധാനം അവസാനിപ്പിക്കുമോ?

ഉത്തരം

(എ) 5-10-2004 വരെ പി.എസ്.സി.-യിൽ നിന്നും എം പാനൽ വ്യവസ്ഥയിൽ നിയമിച്ച എല്ലാവർക്കും സ്ഥിരനിയമനം നൽകി കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ബാക്കിയുള്ളവരെയും സ്ഥിരപ്പെടുത്തുന്നതാണ്.

(ബി) ബഹു. കേരളാ ഹൈക്കോടതിയുടെ ഒ.പി. നം. 37878/01 എന്ന കേസിലെ വിധിക്കെതിരെ ഫയൽ ചെയ്തിരുന്ന ഡബ്ലിയു. എ. 1874/03-ന്റെ അന്തിമ വിധിക്ക് അനുസരണമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) 5-10-2004 വരെ നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഈ സംവിധാനം നിലവിലില്ല.

കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ ഒഴിവുകൾ

76 [563] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര കണ്ടക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ താത്ക്കാലിക കണ്ടക്ടർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എം പാനൽ ആയി നിയമിച്ച കണ്ടക്ടർമാരെ സ്ഥിരം ജീവനക്കാരായി പരിഗണിച്ച് അവർക്ക് സ്ഥിരം ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 992 കണ്ടക്ടർമാരുടെ ഒഴിവുണ്ട്.

(ബി) പി.എസ്.സി.-യിൽ നിന്നും അല്ലാതെ ആരെയും താത്ക്കാലികമായി നിയമിച്ചിട്ടില്ല. എന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ, സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിന് എല്ലാ യൂണിറ്റുകളിലുമായി 1400 പേരുടെ എം പാനൽ ലിസ്റ്റ് നിലവിലുണ്ട്. ആവശ്യമുള്ളപ്പോൾ അവരെ ദിവസക്കൂലിയടിസ്ഥാനത്തിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാറുണ്ട്.

(സി) നിലവിലുള്ള 992 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലിസ്റ്റ് ലഭിച്ചാൽ ഉടൻ നിയമനം നടത്തുന്നതാണ്.

(ഡി) 5-10-2004-ന് മുമ്പ് നിയമിച്ച എല്ലാവരെയും സ്ഥിരപ്പെടുത്തി അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ബാക്കി അഡ്വൈസ് ചെയ്ത എല്ലാവരെയും ഇതു സംബന്ധിച്ചു ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ അന്തിമ വിധിക്കു അനുസരണമായി പരിഗണിക്കുന്നതാണ്.

ഫോം 'ജി'-യുടെ അടിസ്ഥാനത്തിൽ ടാക്സ് ഒഴിവ്

77 [564] ശ്രീ. എം. മുരളി:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സുധാകരൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ബസ് ഉടമസ്ഥന് ഫോം 'ജി'-യുടെ അടിസ്ഥാനത്തിൽ ഒരു വർഷം എത്ര ദിവസം വരെ ടാക്സിൽ നിന്ന് ഒഴിവാകുവാൻ കഴിയും;

(ബി) ഫോം 'ജി'-യിൽ പറയുന്ന കാലയളവിൽ ബസ് ഓടിച്ചിട്ടുണ്ടോ, ഇല്ലയോ എന്ന് അറിയുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ;

(സി) 2004-ൽ ഫോം 'ജി'-യുടെ ബലത്തിൽ ഒട്ടാകെ എത്ര ദിവസം ബസ്സുടമകൾ ടാക്സിൽ നിന്ന് ഒഴിവായി എന്ന് വ്യക്തമാക്കുമോ;

(ഡി) അതിന്റെ ഫലമായുണ്ടായ ടാക്സ് നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യഥാക്രമം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകുകയാണെങ്കിൽ കാലപരിധി കൂടാതെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly